കേരള പോലീസ്
KERALA POLICE

# യുവാവിന്റെ കൊലപാതകം – പിതാവ് അറസ്റ്റിൽ



മേലുകാവ് ഇരുമാപ്രാ പള്ളി ഭാഗത്ത് യുവാവിന്റെ മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ പിതാവ് അറസ്റ്റിൽ. മൂന്നിലവ് കൊന്നക്കൽ ചാക്കോ സാമുവലിനെയാണ് (68) മേലുകാവ് പൊലീസ് അറസ്റ്റ് ചെയ്തത്. സ്ഥിരം മദ്യപാനിയായിരുന്ന ജോൺസൺ അച്ഛനും അമ്മയും വാടകയ്ക്ക് താമസിക്കുന്ന മൂന്നിലവിലെ വീട്ടിലെത്തി പ്രശ്നം ഉണ്ടാക്കാറുണ്ടായിരുന്നു. 11/3/20 തീയതി രാത്രി വീട്ടിൽ വന്ന ജോൺസൺ പ്രതിയുമായി വഴക്കിടുകയും തുടർന്ന് പ്രതി വീട്ടിലുണ്ടായിരുന്ന ചുറ്റിക വച്ച് അടിച്ചത് കാരണം ജോൺസൺ മരണപ്പെടുകയായിരുന്നു തുടർന്ന് ശരീരം 4 കി.മീറ്റർ അകലെയുള്ള ഇരുമാപ്ര ഭാഗത്ത് സ്വന്തം ജീപ്പിൽ കൊണ്ടിടുകയുമാണ് ഉണ്ടായത്. കോട്ടയം ജില്ല പോലീസ് മേധാവി ജയദേവ് IPSന്റെ നിർദ്ദേശപ്രകാരം പാലാ DySP ഷാജിമോൻ ജോസഫ്, മേലുകാവ് SHO ലെബിമോൻ കെ.എസ് , എസ് ഐ മാരായ അന്യൂപ് കുമാർ, നൗഷാദ് , എ.എസ്.ഐ മാരായ ഷാജുദീൻ റാവുത്തർ, സി.പി.ഓമാരായ ബിജോ, ശ്രീരാജ് എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്യാൻ നേതൃത്വം നൽകിയത്.

ജില്ലാ പോലീസ്, കോട്ടയം